LIBRARY ARCHIVES Kerala Legislative Assembly

സസ്പെന്റ് ചെയ്യപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ

100 [2589] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പഞ്ചായത്ത് സെക്രട്ടറിമാരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർ ആരെല്ലാമാണെന്നും ഏതെല്ലാം പഞ്ചായത്തുകളിൽനിന്നും ഏതെല്ലാം തീയതികളിൽ ആണെന്നും വിശദമാക്കാമോ;

(സി) ഇവരിൽ ആരെയെല്ലാം ഏതെല്ലാം തീയതികളിൽ തിരിച്ചെത്തിയിട്ടുണ്ടെന്നും എവിടെയെല്ലാമാണ് നിയമനം നൽകിയത് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 74 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) വിവരങ്ങൾ ലഭിച്ചു വരുന്നതേയുള്ളൂ.

ഗ്രാമപഞ്ചായത്തു സെക്രട്ടറിമാരുടെ ഒഴിവുകൾ

101 [2590] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും എത്രപേരെ നാളിതുവരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും നേരിട്ടുള്ള നിയമനം എത്രപേർക്ക് നൽകിയിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രൊമോഷൻ ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി; ഇനി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആകെ 33 ഒഴിവുകൾ ഉണ്ട്. അതിൽ 7 ഒഴിവുകൾ നേരിട്ടുള്ള നിയമനം മുഖേന നികത്തപ്പെടേണ്ടവയാണ്.

(ബി) 193 പേരെ നിയമിച്ചു.

(സി) പി.എസ്.സി. ലിസ്റ്റിൽനിന്നും 193 പേർക്ക് നേരിട്ടുള്ള നിയമനം നൽകി പ്രൊമോഷൻ ലിസ്റ്റിൽനിന്നും 84 പേർക്ക് നിയമനം നൽകി.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നേരിട്ടുള്ള നിയമനം വഴി നികത്താൻ 7 ഒഴിവുകൾ ഉണ്ട്. പ്രൊമോഷൻ വഴി നിയമനം നടത്താൻ ഒരു ഒഴിവുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്താൻ നടപടി

102 [2591] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ലോവർ ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ് എന്നിവ എത്രവീതം എന്ന് വെളിപ്പെടുത്താമോ;

(സി) തസ്തിക നികത്താതിരിക്കാനുള്ള കാരണം അറിയിക്കാമോ;

(ഡി) പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ സ്ഥിരം സെക്രട്ടറിമാർ ഇല്ലാത്തുകൊണ്ടുള്ള ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സെക്രട്ടറിമാരെ എപ്പോൾ നിയമിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 33 തസ്തികകൾ.

(ബി) ലോവർ ഗ്രേഡ് .. 8

സ്പെഷ്യൽ ഗ്രേഡ് .. 25

(സി) ലോവർ ഗ്രേഡ് സെക്രട്ടറിമാരുടെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് തടസ്സങ്ങളൊന്നുമില്ല. എന്നാൽ ഹൈക്കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികകളിലേക്ക് ഇപ്പോൾ പ്രൊമോഷൻ നൽകാൻ കഴിയില്ല.

(ഡി) ഇല്ല.

(ഇ) ലോവർ ഗ്രേഡ് സെക്രട്ടറിമാരുടെ ഒഴിവുള്ള തസ്തികകൾ ഉടൻ നികത്തുന്നതാണ്. ഹൈക്കോടതിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ നികത്തുന്നതാണ്.

ഗ്രാമപഞ്ചായത്തുകളിലെ പാർട്ട് ടൈം സ്വീപ്പർമാർ

103 [2592] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ പാർട്ട് ടൈം സ്വീപ്പർമാർക്ക് എന്നു മുതലാണ് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly